**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3252 — 14-03-2018 ൽ മറുപടിയ്ക്ക്

**ഫയർ ആന്റ് സേഫ്റ്റി റസ്ക്യൂ സർവീസസ്സ് ഭേദഗതി ബിൽ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ആർ. രാമചന്ദ്രൻ**<br>**ശ്രീ. ജി. എസ്. ജയലാൽ**<br>**ശ്രീ. വി. ആർ. സുനിൽകുമാർ**<br>**ശ്രീമതി. സി. കെ. ആശ** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | ആയിരത്തിലധികം പേർക്ക് ഇരിക്കാവുന്ന സിനിമാശാലകളിലും 100 ൽ അധികം മുറികളുള്ള ഹോട്ടലുകളിലും ഫയർ സേഫ്റ്റി ഓഫീസറെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന നിയമഭേദഗതിക്ക് ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ; | എ) | നിയമനിർമ്മാണം സംബന്ധിച്ച ഫയർഫോഴ്സ് മേധാവിയുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. |
| ബി) | ഫയർ സേഫ്റ്റി ഓഫീസർമാരുടെ ആവശ്യം വേണ്ടിവരുന്ന മറ്റ് കെട്ടിടങ്ങൾ ഏതൊക്കെയാണ്; വിശദമാക്കുമോ; | ബി) | കരട് ബിൽ പ്രകാരം ഫയർ സേഫ്റ്റി ഓഫീസർമാരുടെ ആവശ്യം വേണ്ടിവരുന്ന കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1) ആയിരത്തിലധികം പേർക്ക് ഇരിക്കാവുന്ന സിനിമാശാലകളിലും 10,000 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള മൾട്ടിപ്ലക്സ് ബിൽഡിംഗുകളിലും മൾട്ടിപ്ലക്സ് തീയറ്ററുകളിലും വാണിജ്യ സ്ഥാപനങ്ങളിലും ഫയർ സേഫ്റ്റി ഓഫീസറെ നിയമിക്കണമെന്ന് ശുപാർശചെയ്യുന്നു.<br>2) 100 ൽ അധികം മുറികളുള്ള ഹോട്ടൽ.<br>3) ബേസ്മെന്റ് ഏരിയ 25,000 സ്ക്വയർ മീറ്ററിൽ കൂടുതലുള്ള Under ground shopping complex-ലും ബിൽഡിംഗുകളിലും.<br>4) 50 മീറ്ററിൽ കൂടുതൽ ഉയരമുള്ള Non Residential Building. |

| | | | |
|---|---|---|---|
| | | | 5) 60 മീറ്ററിൽ കൂടുതൽ ഉയരമുള്ള Residential Building.<br>6) ഓയിൽ/പ്രകൃതിവാതക റിഫൈനറികൾ, എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റ് മുതലായവ.<br>7) 50,000 ൽ അധികം പേർക്ക് ഇരിക്കാവുന്ന തുറന്ന സ്റ്റേഡിയങ്ങൾ, 25,000 ൽ അധികം പേർക്ക് ഇരിക്കാവുന്ന ഇൻഡോർ സ്റ്റേഡിയം മുതലായവ.<br>8) 500 കിടക്കയിൽ കൂടുതലുള്ള ഹോസ്പിറ്റൽ അല്ലെങ്കിൽ നേഴ്സിംഗ് ഹോം.<br>9) പബ്ലിക് അല്ലെങ്കിൽ സെമി പബ്ലിക് ബിൽഡിംഗുകളായ റെയിൽവേ സ്റ്റേഷൻ, ബസ് ടെർമിനൽ, എയർ പോർട്ട്, അമ്യൂസ്മെന്റ് പാർക്ക് മുതലായ സ്ഥലങ്ങൾ. |
| സി) | ഫയർ ആന്റ് സേഫ്റ്റി റസ്ക്യൂ സർവീസസ്സ് ഭേദഗതി ബില്ലിൽ എന്തൊക്കെ ഭേദഗതികളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | സി) | 1962-ലെ ഫയർഫോഴ്സ് ആക്റ്റിൽ കാലാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ട് പുതിയ ആക്റ്റ് രൂപീകരിക്കുന്നതിനുള്ള കരട് ബിൽ ഫയർഫോഴ്സ് മേധാവി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്. ഫയർ സേഫ്റ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കൽ, ഫയർ സേഫ്റ്റി ഓഫീസർമാരെ നിയമിക്കുന്നത് തുടങ്ങിയവയുമായി ബന്ധപ്പെട്ട ഭേദഗതികളാണ് പ്രധാനമായും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. |

(signature)

സെക്ഷൻ ഓഫീസർ